## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4689 | 29-06-2012 – ൽ മറുപടിയ്ക്ക്

### കേര കർഷകർക്ക് വെളിച്ചെണ്ണയ്ക്ക് ന്യായമായ വില

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സാജു പോൾ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയുംമൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് നാളികേര കർഷകരെ ദുരിതത്തിലാഴ്ത്തിക്കൊണ്ട് പൊതു വിപണിയിൽ വെളിച്ചെണ്ണ വിലയിൽ ഉണ്ടായിട്ടുള്ള വിലയിടിവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) ഇതിനുള്ള കാരണങ്ങൾ എന്തെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | (ബി) വിപണിയിൽ നാളികേരത്തിനുണ്ടായ വിലയിടിവിന് ആനുപാതികമായി വെളിച്ചെണ്ണവിലയും കുറയുന്നതിനിടയായിട്ടുണ്ട്. തീരുവയില്ലാതെയും കുറഞ്ഞ തീരുവയിലും ഭക്ഷ്യഎണ്ണകൾ ഇറക്കുമതി ചെയ്യുന്നതും മറ്റു സംസ്ഥാനങ്ങളിൽ നിന്നെത്തുന്നതും വെളിച്ചെണ്ണവില കുറയുന്നതിന് കാരണമായിരിക്കുന്നു. |
| (സി) വിലയിടിവ് പിടിച്ചു നിർത്താനും നാളികേര കർഷകർക്ക് ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കാനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | (സി) വിലയിടിവ് പിടിച്ചു നിർത്താനും നാളികേര കർഷകർക്ക് ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കാനും നാളികേര സംഭരണ പദ്ധതി നടപ്പിലാക്കിവരുന്നു. കേന്ദ്ര സർക്കാർ അതാതുവർഷം പ്രഖ്യാപിക്കുന്ന താങ്ങുവിലയനുസരിച്ച് നാഫെഡിന്റെ സ്റ്റേറ്റ് നോഡൽ ഏജൻസികളായ കേരഫെഡ്, മാർക്കറ്റ്ഫെഡ് എന്നിവ മുഖേനയാണ് കൊപ്ര സംഭരണം നടപ്പിലാക്കുന്നത്. കേന്ദ്രസർക്കാർ 2012 സീസണിലേയ്ക്ക് പ്രഖ്യാപിച്ചിട്ടുള്ള മില്ലിംഗ് കൊപ്രയ്ക്ക് ക്വിന്റലിന് 5100/- രൂപ നിരക്കിലും, ഉണ്ട കൊപ്രയ്ക്ക് ക്വിന്റലിന് 5350/- രൂപ നിരക്കിലും, പൊതിച്ച നാളീകേരം ക്വിന്റലിന് 1400/- രൂപ നിരക്കിലും സംഭരണം നടപ്പിലാക്കിവരുന്നു. ആരംഭത്തിൽ സംഘങ്ങൾക്കുണ്ടായ പ്രശ്നങ്ങൾ സംസ്ഥാന സർക്കാരിന്റെ സമയോചിതമായ |

ഇടപെടൽമൂലം പരിഹരിച്ച്, ഇപ്പോൾ ഊർജ്ജിതമായി സംഭരണം നടത്തിവരുന്നു. സംഭരണ പ്രക്രിയയിൽ സൊസൈറ്റികൾക്കുണ്ടാകുന്ന നഷ്ടം നികത്തുന്നതിലേയ്ക്ക് കൊപ്ര സംഭരണത്തിനുപയോഗിക്കുന്ന, ചാക്കൊന്നിന് നാഫെഡ് നിശ്ചയിച്ചിട്ടുള്ള 27 രൂപയ്ക്ക് പുറമെ 10/- രൂപ കൂടി അധികമായി സംസ്ഥാന സർക്കാർ ഫണ്ടിൽ നിന്നും അനുവദിച്ചുകൊണ്ട് 11-6-12 ലെ സർക്കാർ ഉത്തരവ് നമ്പർ (എം.എസ്) 143/2012/കൃഷി പ്രകാരം തീരുമാനമായിട്ടുണ്ട്.

| | |
|---|---|
| (ഡി) വെളിച്ചെണ്ണയുടെ ഉപയോഗം ആഗോളതലത്തിൽ വ്യാപിപ്പിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിക്കാൻ സർക്കാർ തയ്യാറാകുമോ? | (ഡി) വെളിച്ചെണ്ണയുടെ ഉപയോഗം ആഗോളതലത്തിൽ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി യു.എ.ഇ മുതലായ രാജ്യങ്ങളിലേയ്ക്ക് കേരഫെഡ് വെളിച്ചെണ്ണ കയറ്റുമതി നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

15

കേരള സർക്കാർ
സംഗ്രഹം

കൃഷി വകുപ്പ് - കൊപ്ര സംഭരണം 2012 സീസൺ - കൊപ്ര നൽകുന്ന ചാക്കൊന്നിന് പത്ത് രൂപ സബ്സിഡി അനുവദിച്ചുകൊണ്ട് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

കൃഷി (എൻ.സി.എ.) വകുപ്പ്

സ.ഉ. (എം.എസ്) നം.143/2012/കൃഷി തിരുവനന്തപുരം, തീയതി:11-06-2012.

---

പരാമർശം :- 1. 03-02-2012 ലെ സ.ഉ.(എം.എസ്)നം.22/2012/കൃഷി.

2. 28-05-2012 ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ നടപടിക്കുറിപ്പ്.

3. 05-06-2012 ൽ കൃഷി മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ നടപടിക്കുറിപ്പ്.

## ഉത്തരവ്

നാളികേരത്തിന്റെ വിലയിടിവ് മൂലം ബുദ്ധിമുട്ടിലായിരിക്കുന്ന കേരകർഷകരെ സഹായിക്കുന്നതിന്, കേന്ദ്ര സർക്കാർ 2012-ലേക്ക് മില്ലിംഗ് കൊപ്ര ക്വിന്റലിന് 5100 രൂപയായും, ഉണ്ട കൊപ്ര ക്വിന്റലിന് 5340 രൂപയായും, പൊതിച്ച പച്ച തേങ്ങ ക്വിന്റലിന് 1400 രൂപയായും താങ്ങുവില നിശ്ചയിച്ചിട്ടുണ്ട്. അതനുസരിച്ച് കേന്ദ്ര ഏജൻസിയായ നാഫെഡ്, സംസ്ഥാനതല നോഡൽ ഏജൻസികളായ കേരഫെഡും, മാർക്കറ്റ് ഫെഡും വഴി കൊപ്രാ സംഭരണം നടത്തി വരികയുമാണ്. എന്നാൽ കൊപ്ര സംഭരണം വളരെ മന്ദഗതിയിലാണെന്നും കേരകർഷകർക്ക് ഇതിന്റെ പ്രയോജനം പൂർണ്ണമായും ലഭിക്കുന്നില്ല എന്നും ശ്രദ്ധയിൽപ്പെട്ടതിനാൽ സംഭരണം ശക്തിപ്പെടുത്തുന്നതിനായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 28-05-2012 ൽ ഒരു യോഗം ചേരുകയും പ്രൈമറി സൊസൈറ്റികളും നാളികേര ഉത്പാദക സംഘങ്ങളും സംഭരണ പദ്ധതികളോട് വിമുഖത കാണിക്കുന്നതിനാൽ കൊപ്ര സംഭരണത്തിലേർപ്പെട്ടിരിക്കുന്ന സൊസൈറ്റികളുടെ മേഖലാടിസ്ഥാനത്തിലുള്ള യോഗങ്ങൾ വിളിച്ച് പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തണമെന്ന് പ്രസ്തുത യോഗത്തിൽ തീരുമാനിക്കുകയും ചെയ്യുകയുണ്ടായി. അതനുസരിച്ച് 05-06-2012 ൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളടങ്ങിയ തെക്കൻമേഖലയുടെ യോഗം ചേരുകയും പ്രസ്തുത യോഗത്തിൽ കൊപ്ര സംഭരണത്തിനായി ഉപയോഗിക്കുന്ന ചാക്കൊന്നിന് 40 രൂപയാണെന്നും എന്നാൽ നാഫെഡ് നൽകുന്നത് ചാക്കൊന്നിന് 27 രൂപ മാത്രമാണെന്നും ഇത് സാമ്പത്തിക ബാദ്ധ്യതയ്ക്ക് കാരണമാകുന്നുവെന്നും ശ്രദ്ധയിൽപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും കൊപ്ര സംഭരണം കൂടുതൽ ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി സൊസൈറ്റികളുടെ നഷ്ടം നികത്തുന്നതിനും, അവരെ സംഭരണ പ്രക്രിയയിൽ കൂടുതൽ കാര്യക്ഷമമാക്കുവാനും കൊപ്ര

സംഭരണത്തിനുപയോഗിക്കുന്ന ചാക്കൊന്നിന് നാഫെഡ് നിശ്ചയിച്ചിരിക്കുന്ന 27 രൂപയ്ക്ക് പുറമെ പത്ത് രൂപ കൂടി അധികമായി സർക്കാർ ഫണ്ടിൽ നിന്നും അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു. കൂടാതെ ജില്ലാ കളക്ടർ അംഗീകരിച്ചിട്ടുള്ള നാളികേര വികസന ബോർഡിന്റെ നാളികേരോത്പാദക സംഘങ്ങൾ (CPS) വഴിയോ സൊസൈറ്റികൾ വഴിയോ കർഷകരുടേതല്ലാത്ത കൊപ്ര (കച്ചവടക്കാർ കുറഞ്ഞ നിരക്കിൽ വാങ്ങിക്കൂട്ടിയിരിക്കുന്ന കൊപ്ര) ഒരു കാരണവശാലും സംഭരിക്കരുത് എന്നു കൂടി നിർദ്ദേശിക്കുന്നു. കേരഫെഡും മാർക്കറ്റ്ഫെഡും ഇത് ഉറപ്പ് വരുത്തേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
കെ.ആർ.ജ്യോതിലാൽ,
സെക്രട്ടറി.

The Additional Economic Adviser (CC), Department of Agriculture & Cooperation, Ministry of Agriculture, Government of India, Krishi Bhavan, New Delhi (with Covering Letter).

| | |
|---|---|
| ബ്രാഞ്ച് മാനേജർ, നാഫെഡ്, ബ്രാഞ്ച് ഓഫീസ്, 35, വെയർഹൗസിംഗ് സെന്റർ, ഗാന്ധി നഗർ, കൊച്ചി- 682020. | Fax 0484 2206915 |
| മാനേജിംഗ് ഡയറക്ടർ, കേരഫെഡ്, തിരുവനന്തപുരം. | Fax 2326298 |
| മാനേജിംഗ് ഡയറക്ടർ, മാർക്കറ്റ് ഫെഡ്, പി.ബി.നം.2024, ഗാന്ധി നഗർ, കൊച്ചി-682020 | Fax 0484 2203375 |
| ചെയർമാൻ, നാളികേര വികസന ബോർഡ്, കേരഭവൻ, എസ്.ആർ.വി.എച്ച്.എസ് റോഡ്, കൊച്ചി-682011. | Fax : 0484-2377902 |
| എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം. | Fax 2554714 |
| ചെയർമാൻ, ജനശ്രീ, വഴുതക്കാട്. | Fax: 2332899 |
| കൃഷി ഡയറക്ടർ, തിരുവനന്തപുരം. | Fax 2306219 |
| രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്, തിരുവനന്തപുരം. | Fax 2331513 |

എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും.
ധനകാര്യ വകുപ്പ്/സഹകരണ വകുപ്പ്.
അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ഓഡിറ്റ്), കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി..

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

/True copy/

Section officer.